പതിമൂന്നാം കേരള നിയമസഭ - അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:3299

25/06/2012 - ൽ താൽക്കാലിക മറുപടി നൽകിയത്

അന്തിമ മറുപടി

## ഫിഷറീസ് സ്കൂളുകളിൽ +2, വി.എച്ച്.എസ്.ഇ കോഴ്സുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.ദാസൻ: | ശ്രീ.കെ. ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി): |
| (എ) സംസ്ഥാനത്തെ ഫിഷറീസ് സ്കൂളുകളിൽ +2, വി.എച്ച്. എസ്.ഇ കോഴ്സുകൾ ആരംഭിക്കുന്നത് സംബന്ധിച്ച് സർക്കാർ എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ ; എങ്കിൽ അതിന്റെ വിശദാംശം ലഭ്യമാക്കാമോ ; | (എ) പൊതു വിദ്യാഭ്യാസ വകുപ്പാണ് ഈ കോഴ്സുകൾ ഫിഷറീസ് ടെക്നിക്കൽ സ്കൂളുകളിൽ നടത്തുന്നത്. 8,9,10 എന്നീ ക്ലാസ്സുകളിലെ കുട്ടികൾക്കു താമസിച്ചു പഠിക്കുന്നതിനുള്ള സൗകര്യവും ഭക്ഷണ ചെലവും മാത്രമാണ് ഫിഷറീസ് വകുപ്പ് നിർവ്വഹിക്കുന്നത്. |
| (ബി) പൊതുവിദ്യാഭ്യാസ വകുപ്പ് ഇത് സംബന്ധിച്ച് എന്തെങ്കിലും നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടോ ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ ;<br>(സി) കൊയിലാണ്ടി നിയോജക മണ്ഡലത്തിലെ ജി.ആർ.എഫ്. ടി.എച്ച്.എസ്സിൽ +2, വി.എച്ച്. എസ്.ഇ കോഴ്സുകൾ അനുവദിക്കാൻ നടപടികൾ സ്വീകരിക്കുമോ ; | (ബി) & (സി) പുതുതായി പ്ലസ് ടു കോഴ്സുകൾ സംസ്ഥാനത്തെ സ്കൂളുകളിൽ അനുവദിക്കുന്നത് സംബന്ധിച്ച് നയപരമായ തീരുമാനം കൈക്കൊള്ളുന്ന മുറയ്ക്ക് ഫിഷറീസ് സ്കൂളുകളിൽ നിന്നും ഇതിനായി ലഭ്യമാക്കുന്ന അപേക്ഷകൾ നിലവിലുള്ള മാനദണ്ഡങ്ങൾക്കനുസരിച്ച് പരിശോധിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്. |

| | | | |
|---|---|---|---|
| (ഡി) | ജി.ആർ.എഫ്.ടി.എച്ച്.എസ്സിലെ ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് പ്രഖ്യാപിച്ചിട്ടുള്ളതും നടന്നുകൊണ്ടിരിക്കുന്നതുമായ പ്രവർത്തികളും പദ്ധതികളും ഏതെല്ലാമാണ് എന്ന് വിശദമാക്കാമോ ? | (ഡി) | ഗവൺമെന്റ് റീജിയണൽ ഫിഷറീസ് ടെക്നിക്കൽ ഹൈസ്ക്കൂൾ, കൊയിലാണ്ടിയിൽ ചുറ്റുമതിൽ നിർമ്മാണത്തിന് 6.50 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ജോലി ഉടൻ ആരംഭിക്കുന്നതാണ്. കൂടാതെ അറ്റകുറ്റപണികൾക്കും നവീകരണങ്ങൾക്കുമായി 26 ലക്ഷം രൂപ അനുവദിക്കുകയുണ്ടായി. ഇതിൽ കെട്ടിടത്തിന്റെ സിവിൽ പ്രവർത്തികൾക്കും ഇലക്ട്രിക്കൽ പ്രവർത്തികൾക്കുമായി 25,95,429 രൂപ ചെലവായി. താനൂർ ഫിഷറീസ് ടെക്നിക്കൽ സ്ക്കൂളിൽ നബാർഡിന്റെ ധനസഹായത്തോടു കൂടി സ്കൂൾ കെട്ടിടത്തിന്റെ രണ്ടാമത്തെ നിലയുടെ നിർമ്മാണം പൂർത്തീകരിച്ചു വരുന്നു. ബേപ്പൂർ ഫിഷറീസ് ടെക്നിക്കൽ സ്ക്കൂളിനുവേണ്ടി 109 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്ന കെട്ടിടം നിർമ്മാണത്തിലാണ്. കേരളത്തിലെ 10 ഫിഷറീസ് ടെക്നിക്കൽ സ്ക്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിന് 40 കോടി രൂപ 13-ാം ധനകാര്യ കമ്മീഷൻ 2013-14 വർഷം ചെലവഴിക്കുന്നതിനായി അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ